പഠനം

**റാശിദുൽ ഗനൂഷി**



# സ്ത്രീ ഖുർആനിലും മുസ്‌ലിംജീവിതത്തിലും

**മനുഷ്യപ്രകൃതിയു**ടെ പരിമിതികളിൽനിന്നുകൊണ്ട് അവന്/ അവൾക്ക് എത്രത്തോളം പൂർണത കൈവരിക്കാനാവുമോ അത്രയും നേടിക്കൊടുക്കുക എന്നതത്രെ വിശുദ്ധ ഖുർആന്റെ അടിസ്ഥാന ലക്ഷ്യം. വർണം, വംശം, ലിംഗം, ദേശം തുടങ്ങിയ വൈവിധ്യങ്ങളും വൈജാത്യങ്ങളും അവിടെ പ്രശ്നമേയല്ല. ഖുർആന്റെ അഭിസംബോധനയിലും ഇത്തരം വ്യത്യാസങ്ങൾ യാതൊരു സ്വാധീനവും ചെലുത്തുന്നില്ല. അതുകൊണ്ടാണ് പണ്ഡിതന്മാർ പറഞ്ഞത്, “ഖുർആനിലെ പുരുഷ ലിംഗ പ്രയോഗങ്ങൾ സ്ത്രീകളെയും ഉൾക്കൊള്ളുന്നുണ്ട്. ഖുർആനിലെയോ ഹദീസിലെയോ ഏതെങ്കിലുമൊരു നിയമം സ്ത്രീകൾക്കും ബാധകമാണ് എന്ന് വ്യക്തമാക്കാൻ പുരുഷ ലിംഗ പ്രയോഗങ്ങളെ സ്ത്രീ ലിംഗ പ്രയോഗങ്ങളാക്കി മാറ്റേണ്ടതില്ല.” (1)

അപ്പോൾ ഖുർആനിക പ്രയോഗങ്ങളെല്ലാം അടിസ്ഥാനപരമായി സ്ത്രീകൾക്കും പുരുഷന്മാർക്കും പൊതുവായുള്ളതാണ്. സ്ത്രീകൾക്കോ പുരുഷന്മാർക്കോ മാത്രമായി വന്ന അഭിസംബോധനകളേ ഇതിൽനിന്ന് മാറ്റിനിർത്തേണ്ടതുള്ളൂ. അതേസമയം സ്ത്രീക്ക് കുടുംബത്തിലും സമൂഹത്തിലുമുള്ള പ്രത്യേക സ്ഥാനവും പദവിയും എടുത്തു കാണിക്കുന്നതിന് അവളെക്കുറിച്ച് മാത്രം പറയുന്ന ധാരാളം സ്ഥലങ്ങളും ഖുർആനിൽ നമുക്ക് കാണാം.

ചരിത്രത്തിൽനിന്ന് നിരവധി സ്ത്രീ മാതൃകകൾ ഖുർആനിൽ ഇടംപിടിച്ചത് ഉദാഹരണം. ഖുർആനിലെ ഏറ്റവും വലിയ രണ്ടാമത്തെ അധ്യായത്തിന്റെ പേര് 'സ്ത്രീകൾ' എന്നാണല്ലോ. സ്ത്രീകളെക്കുറിച്ച് മാത്രമായി ഖുർആനിൽ ഇരുനൂറ്റി അമ്പതിലധികം സൂക്തങ്ങളുണ്ട്.

സ്ത്രീപ്രശ്നങ്ങൾ ഖുർആനുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാനുള്ള ഒരു ശ്രമമാണ് നാം നടത്തുന്നത്. ഇവ വിശകലനം ചെയ്യാൻ നാം വെളിച്ചം സ്വീകരിക്കുക ചരിത്രത്തിൽ കഴിഞ്ഞുപോയ ഇസ്‌ലാമിക ചിന്തയുടെ മഹാരഥന്മാരിൽനിന്നായിരിക്കും. മുഖ്യമായും നാം ആശ്രയിക്കുക ഖുർആൻ വ്യാഖ്യാന കൃതികളെ (തഫ്സീർ) ആയിരിക്കും. ദൈവിക വെളിപാടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ മനസ്സിലാക്കാനുള്ള മനുഷ്യ പ്രയത്നങ്ങളാണ് ഞാനിവിടെ തഫ്സീർ എന്നതുകൊണ്ട് ഉദ്ദേശിച്ചത്. തഫ്സീറിനെക്കുറിച്ച് ഒരു വാക്കു കൂടി. ഏത് ഖുർആൻവ്യാഖ്യാനവും അത് എത്ര മികച്ചതായിരുന്നാലും മനുഷ്യന്റെ പ്രയത്നഫലം മാത്രമാണ്. വ്യാഖ്യാതാവിന്റെ ബുദ്ധിപരവും വൈജ്ഞാനികവുമായ കഴിവുകളുടെ അപര്യാപ്തത ആ വ്യാഖ്യാനത്തിൽ നിഴലിക്കാതിരിക്കില്ല. തന്റെ കാലത്തെ സാംസ്കാരികവും സാമൂഹികവുമായ ചുറ്റുപാടുകൾ, ഖുർആൻ വ്യാഖ്യാനത്തിൽ സ്വീകരിക്കപ്പെടുന്ന ശൈലികൾ, അക്കാലത്തെ ശാസ്ത്രീയവും വൈജ്ഞാനികവുമായ വളർച്ച എന്നിവയാലൊക്കെ ആ വ്യാഖ്യാനകൃതി സ്വാധീനിക്കപ്പെടും. എത്ര മഹത്തരമായ തഫ്സീറാണെങ്കിലും പ്രശംസാർഹവും പ്രതിഫലാർഹവുമായ ഗവേഷണഫലങ്ങൾ എന്ന നിലക്കേ നമുക്കവയെ കാണാനാവൂ.

എന്നാൽ ഒരു ഖുർആനിക സൂക്തത്തിന് സ്വതന്ത്രമായ അസ്തിത്വവും നിലനിൽപുമുണ്ട്. ഏതൊരു വ്യാഖ്യാന-വിശകലന ചട്ടക്കൂട്ടിലും അതിനെ തളച്ചിടാനാവുകയില്ല. വിജ്ഞാനത്തിന്റെയും ചിന്തയുടെയും വളർച്ചയനുസരിച്ച് ആ ഖുർആനിക സൂക്തത്തിന്റെ ആശയ ചക്രവാളം വികസിച്ചുകൊണ്ടേയിരിക്കും. 'ഖുർആന്റെ മഷിയും വക്താവു'മായ ഇബ്നു അബ്ബാസ്(റ) വ്യക്തമാക്കിയതും ഇക്കാര്യം തന്നെയാണ്. അദ്ദേഹം പറഞ്ഞു: "ഖുർആനെ വ്യാഖ്യാനിക്കുന്നത് കാലമാണ്." (2)

### ഒരേ സത്ത

"ഓ ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുവിൻ. ഒരൊറ്റ ആത്മാവിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതേ ആത്മാവിൽനിന്ന് തന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവ രണ്ടിൽനിന്നുമായി ധാരാളം സ്ത്രീപുരുഷന്മാരെ ലോകത്ത് പരത്തുകയും ചെയ്തവനത്രെ അവൻ" (*അന്നിസാഅ്* 1).



ഇമാം മുഹമ്മദ് അബ്ദു

**സ്ത്രീയുമായി ബന്ധപ്പെട്ട സകലവിധ പുരാവൃത്തങ്ങളിൽനിന്നും ഖുർആനിക സൂക്തങ്ങളെ ശുദ്ധീകരിച്ചെടുക്കുകയാണ് ഇമാം മുഹമ്മദ് അബ്ദു. സ്വതന്ത്ര ചിന്തയുടെയും അന്വേഷണത്തിന്റെയും പുതിയ വാതായനങ്ങളാണ് അദ്ദേഹം തുറന്നിടുന്നത്. മുസ്‌ലിം ചിന്ത ശിഥിലമാകാതിരിക്കാനും ജീർണമാവാതിരിക്കാനും തണുത്തുറഞ്ഞുപോകാതിരിക്കാനും ഇത്തരമൊരു ദിശാബോധം അനിവാര്യമാണ്.**

പൗരാണികകാലം മുതലേ മനുഷ്യചിന്ത ഏറ്റവുമധികം വ്യാപരിച്ച പ്രശ്നങ്ങളിലൊന്നാണ് മനുഷ്യകുലത്തെക്കുറിച്ച വിഭാവന. അങ്ങനെ പലതരം വീക്ഷണങ്ങൾ രൂപപ്പെട്ടു. അവയിൽ ചിലത് കെട്ടുകഥകളുമായി കെട്ടുപിണഞ്ഞ് യാഥാർഥ്യമേത്, മിത്തേത് എന്ന് തിരിച്ചറിയാൻ പറ്റാത്ത വിധത്തിലാണ്. ഇസ്‌ലാം ആഗതമാവുമ്പോൾ മതസമൂഹങ്ങൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നത്, 'ദൈവം ആദമിനെ സൃഷ്ടിച്ചു, അവന്റെ ഇടത്തേ വാരിയെല്ലിൽനിന്ന് അവൻ ഉറങ്ങിക്കിടക്കെ ഹവ്വായെയും സൃഷ്ടിച്ചു' എന്ന ബൈബിൾ വീക്ഷണമാണ്. ഇതുപോലുള്ള ഒരു പരാമർശവും ഖുർആനിലോ നബിവചനങ്ങളിലോ വന്നിട്ടില്ല. എന്നിട്ടും മിക്ക ഖുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടത് ഇങ്ങനെയാണ്: 'ഈ സൂക്തത്തിലും മറ്റു സൂക്തങ്ങളിലും ഒരൊറ്റ ആത്മാവ് (നഫ്സുൻ വാഹിദ) എന്നു പറഞ്ഞത് ആദമിനെക്കുറിച്ചാണ്. ആദമിന്റെ വാരിയെല്ലിൽനിന്ന് ഹവ്വയെയും സൃഷ്ടിച്ചു.'

'അതേ ആത്മാവിൽനിന്ന് അതിന്റെ ഇണയെയും സൃഷ്ടിച്ചു' എന്ന സൂക്തഭാഗത്തിന് ഇമാം റാസി, അബൂമുസ്‌ലിമിൽനിന്ന് ഉദ്ധരിക്കുന്ന അഭിപ്രായം 'അതേ ഇനത്തിൽനിന്ന് തന്നെ സൃഷ്ടിച്ചു, അതുകൊണ്ട് രണ്ടും തത്തുല്യമാണ്' എന്നാണ്. (3)

അപ്പോൾ മനുഷ്യകുലത്തിന്റെ ഉൽപത്തി ഇണകളായ രണ്ട് സൃഷ്ടികളിൽനിന്നാണ്. ഇവ രണ്ടും ഒരേ ഇനമാണ്, ഒരേ പദാർഥമാണ്. ഈ വ്യാഖ്യാന പ്രകാരം ഖുർആനിക സൂക്തം ദ്യോതിപ്പിക്കുന്നത് തത്തുല്യത എന്ന ആശയത്തെയാണ്. മനുഷ്യന്റെ ഈ രണ്ട് പാതികൾ തമ്മിൽ വിവേചനമോ ശ്രേഷ്ഠതയോ കൽപിക്കാൻ യാതൊരു ന്യായവുമില്ല. വർണത്തിന്റെയോ ലിംഗത്തിന്റെയോ ദേശത്തിന്റെയോ പേരിലുള്ള സകല വിവേചനങ്ങളും ഇവിടെ തകർന്നുവീഴുന്നു.

മേൽ കൊടുത്ത സൂക്തത്തിന് ഇമാം റാസി മൂന്ന് വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്:

ഒന്ന്, അല്ലാഹു നിങ്ങളിൽ ഓരോരുത്തരെയും സൃഷ്ടിച്ചത് ഒരേ ആത്മാവിൽനിന്നാണ്. അതേ ഇനത്തിൽനിന്ന് തന്നെ മനുഷ്യത്വത്തിൽ എല്ലാ നിലയിലും തുല്യതയുള്ള ഇണയെയും സൃഷ്ടിച്ചു.

രണ്ട്, ഖുർആനിക സംബോധന ഖുറൈശികളോടാണ്. നബിയുടെ കാലത്ത് ഖുറൈശികൾ ഖുസ്വയ്യിന്റെ കുടുംബം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അതിനാൽ ഖുസ്വയ്യിനെയാണ് ഇവിടെ ഒരൊറ്റ ആത്മാവ് എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്.

മൂന്ന്, ആദം ആണ് 'ഒരൊറ്റ ആത്മാവ്.'

ഇതില്‍ ഒന്നാമത്തെ അഭിപ്രായത്തെയാണ് റാസി പിന്തുണക്കുന്നത്. അതിനുള്ള ഭാഷാപരവും ബുദ്ധിപരവുമായ ന്യായങ്ങളും നിരത്തുന്നു. മറ്റു രണ്ട് അഭിപ്രായങ്ങളെ ശക്തമായി ഖണ്ഡിക്കുകയും ചെയ്യുന്നു; പ്രത്യേകിച്ച് മൂന്നാമത്തെ അഭിപ്രായത്തെ. ഖുര്‍ആന്റെ മാനവിക കാഴ്ചപ്പാടിനോടു തന്നെ ഏറ്റുമുട്ടുന്നതിനാല്‍ രണ്ടാമത്തെ അഭിപ്രായം പരിഗണിക്കേണ്ടത് പോലുമില്ലെന്നാണ് റാസിയുടെ നിലപാട്.

'ഖലഖക്കും മിന്‍ നഫ്സിന്‍ വാഹിദ' എന്ന സൂക്തഭാഗത്തിലെ 'മിന്‍' എന്ന പ്രയോഗം സൃഷ്ടിപ്പിന്റെ തുടക്കത്തെയാണ് ധ്വനിപ്പിക്കുന്നതെന്ന് ഭാഷാകാരന്മാര്‍ പറഞ്ഞിട്ടുണ്ട്. അതായത് സൃഷ്ടിപ്പിന്റെ ആരംഭം കുറിച്ചത് ആദമിലൂടെയാണ്. ആദമിനെ മണ്ണില്‍നിന്ന് സൃഷ്ടിക്കാന്‍ കഴിവുള്ള അല്ലാഹു ഹവ്വയെയും മണ്ണില്‍നിന്ന് സൃഷ്ടിക്കാന്‍ കഴിവുള്ളവനാണ്. എങ്കില്‍ പിന്നെ ആദമിന്റെ വാരിയെല്ലില്‍നിന്ന് അവളെ സൃഷ്ടിച്ചു എന്ന് പറയുന്നതില്‍ എന്തര്‍ഥം?

*അന്നിസാഅ്* അധ്യായത്തിലെ ഈ ആദ്യ സൂക്തം അനാഥ സംരക്ഷണവുമായി ബന്ധപ്പെടുത്തിയാണ് വന്നിട്ടുള്ളതെന്ന് ഇമാം മുഹമ്മദ് അബ്ദു നിരീക്ഷിക്കുന്നുണ്ട്. അതായത് അല്ലാഹു ഇങ്ങനെ പറയുകയാണെന്ന് തോന്നും: 'മനുഷ്യരേ, അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങള്‍ക്ക് നിശ്ചയിച്ച പരിധികള്‍ ലംഘിക്കാതിരിക്കുക. നിങ്ങളെല്ലാവരും വളരെ അടുത്തവരാണെന്നും ഒരേ ബന്ധുത്വ ശ്രേണി നിങ്ങളെ ഒന്നിപ്പിക്കുന്നുണ്ടെന്നും മനസ്സിലാക്കണം. അന്വേഷിച്ച് ചെന്നാല്‍ നിങ്ങളെല്ലാം എത്തുക ഒരേ സത്തയിലായിരിക്കും. അതുകൊണ്ട് നിങ്ങളില്‍ അതീവ ദുര്‍ബലനായ അനാഥനോട് അവന്റെ അവകാശങ്ങള്‍ സംരക്ഷിച്ചുകൊണ്ട് നിങ്ങള്‍ കരുണ കാണിക്കുക'. അതിനാല്‍ ഈ ഖുര്‍ആനിക സൂക്തത്തിലെ 'ഒരൊറ്റ ആത്മാവ്' ആദമാണെന്ന് ഭൂരിപക്ഷം ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ പറഞ്ഞാലും അതിനു തെളിവുകളില്ലെന്ന് മുഹമ്മദ് അബ്ദു പറയുന്നു. മനുഷ്യ പിതാവാണ് ആദം എന്നതിന് അത് തെളിവാക്കുകയും ചെയ്യാം. (4)

ഒരുപടി കൂടി കടന്ന്, ആദ്യം സൃഷ്ടിക്കപ്പെട്ട 'ഒറ്റയാത്മാവ്' ആദമായിരിക്കാനല്ല, ഹവ്വയായിരിക്കാനാണ് സാധ്യത എന്നുവരെ മുഹമ്മദ് അബ്ദു തുടര്‍ന്ന് പറയുന്നുണ്ട്. നഫ്സ് (ആത്മാവ്) സ്ത്രീലിംഗമായതും, *അഅ്റാഫ്* അധ്യായത്തില്‍ (7/189) ആത്മാവില്‍നിന്ന് സൃഷ്ടിച്ച ഇണയെക്കുറിച്ച് 'അവന്‍ അതില്‍ ശാന്തി നുകരാന്‍' എന്ന് പറഞ്ഞതും അദ്ദേഹം എടുത്തു കാണിക്കുന്നു. 'സ്ത്രീകള്‍' എന്ന് അധ്യായത്തിന് പേര് കൊടുത്തതിനാല്‍ ആദ്യ സൂക്തത്തിലെ 'ഒറ്റയാത്മാവ്' എന്ന പ്രയോഗം സ്ത്രീയെക്കുറിച്ച് തന്നെയാവാനല്ലേ കൂടുതല്‍ സാധ്യത എന്നും ചോദിക്കുന്നു.

ഈ അഭിപ്രായമുള്ളവരുടെ മറ്റൊരു ന്യായം ഇതാണ്: ജീവജാലങ്ങളിലെ ചില പെണ്‍വര്‍ഗങ്ങള്‍ പുരുഷബീജസങ്കലനം ഇല്ലാതെതന്നെ പലതവണ കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നുണ്ട്. തേനീച്ചയാണ് ഒരു ഉദാഹരണം. ഒരിക്കല്‍ ബീജസങ്കലനം നടന്നുകഴിഞ്ഞാല്‍ പെണ്‍ തേനീച്ച ചാവുന്നതു വരെ പ്രജനനം നടത്തിക്കൊണ്ടിരിക്കും. ഇത്തരം കാര്യങ്ങള്‍ നിരീക്ഷിച്ച ചില ജീവശാസ്ത്രകാരന്മാര്‍ സ്ത്രൈണമാണ് അടിസ്ഥാനം എന്നുവരെ പറഞ്ഞിട്ടുണ്ട് (നവാല്‍ സഅ്ദാവി *അല്‍ ഉന്‍സാ ഹിയല്‍ അസ്‌ല്‍* എന്ന പേരില്‍ പുസ്തകമെഴുതിയിട്ടുണ്ട്. കടുത്ത ഫെമിനിസ്റ്റാണ് നവാല്‍).

*അന്നിസാഅ്* അധ്യായത്തിന്റെ തുടക്കത്തില്‍ മനുഷ്യസൃഷ്ടിപ്പിന്റെ വിശദാംശങ്ങളല്ല ചര്‍ച്ച ചെയ്യുന്നതെന്ന് നാം മനസ്സിലാക്കി. അനാഥകളുടെ അവകാശ സംരക്ഷണത്തിന് ആമുഖമെന്ന പോലെയാണ് ആ പരാമര്‍ശമുള്ളത്. മനുഷ്യസൃഷ്ടിപ്പിനെക്കുറിച്ച ചര്‍ച്ചയാക്കി അത് മാറ്റുന്നത് ഉചിതമല്ല. അവിടെ ശരീഅത്തിന്റെ ഉദ്ദിഷ്ട ലക്ഷ്യങ്ങള്‍ക്ക് വിരുദ്ധമായിത്തീരും അത്തരമൊരു ചര്‍ച്ച. ഇങ്ങനെ സ്ത്രീയുമായി ബന്ധപ്പെട്ട സകലവിധ പുരാവൃത്തങ്ങളില്‍നിന്നും ഖുര്‍ആനിക സൂക്തങ്ങളെ ശുദ്ധീകരിച്ചെടുക്കുകയാണ് ഇമാം മുഹമ്മദ് അബ്ദു. പ്രഗത്ഭരായ ഖുര്‍ആന്‍ വ്യാഖ്യാതാക്കളെ വരെ ഇത്തരം മിത്തുകള്‍ സ്വാധീനിച്ചിരുന്നു. സ്വതന്ത്ര ചിന്തയുടെയും അന്വേഷണത്തിന്റെയും പുതിയ വാതായനങ്ങളാണ് അദ്ദേഹം തുറന്നിടുന്നത്. മുസ്‌ലിം ചിന്ത ശിഥിലമാകാതിരിക്കാനും ജീര്‍ണമാവാതിരിക്കാനും തണുത്തുറഞ്ഞുപോകാതിരിക്കാനും ഇത്തരമൊരു ദിശാബോധം അനിവാര്യമാണ്.

മുഹമ്മദ് ഹുസൈന്‍ ത്വബ്ത്വബാഇ തന്റെ *അല്‍ മീസാനു ഫീ തഫ്സീറില്‍ ഖുര്‍ആന്‍* എന്ന ഖുര്‍ആന്‍ വ്യാഖ്യാന കൃതിയില്‍ മുഹമ്മദ് അബ്ദുവിന്റെ അഭിപ്രായത്തെ പിന്തുണച്ചുകൊണ്ട് എഴുതുന്നു: "ഓരോ ആത്മാവില്‍നിന്ന് അതിന്റെ ഇണയെ സൃഷ്ടിച്ചു എന്ന ഖുര്‍ആനിക വാകൃത്തില്‍നിന്ന് ഇണ അതേ സത്തയാണെന്നും അവ രണ്ടും തത്തുല്യമാണെന്നും സിദ്ധിക്കുന്നു. തത്തുല്യരായ, പരസ്പര സദൃശരായ രണ്ട് വ്യക്തികളില്‍നിന്നാണ് ഇക്കാ



ഇസ്‌ലാം ആഗതമാവുമ്പോള്‍ മതസമൂഹങ്ങള്‍ക്കിടയില്‍ പ്രചാരത്തിലുണ്ടായിരുന്നത്, 'ദൈവം ആദമിനെ സൃഷ്ടിച്ചു, അവന്റെ ഇടത്തേ വാരിയെല്ലില്‍നിന്ന് അവന്‍ ഉറങ്ങിക്കിടക്കെ ഹവ്വായെയും സൃഷ്ടിച്ചു' എന്ന ബൈബിള്‍ വീക്ഷണമാണ്. ഇതുപോലുള്ള ഒരു പരാമര്‍ശവും ഖുര്‍ആനിലോ നബിവചനങ്ങളിലോ വന്നിട്ടില്ല.

ണുന്ന മനുഷ്യരൊക്കെയും ഉണ്ടായിരിക്കുന്നത്.

താഴെ കൊടുത്ത സൂക്തങ്ങളുടെ പശ്ചാത്തലത്തിലാണ് *അന്നിസാഅ്* അധ്യായത്തിലെ ഈ സൂക്തഭാഗം മനസ്സിലാക്കേണ്ടത്.

1. അവൻ നിങ്ങൾക്ക് സ്വജാതിയിൽനിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നതും- അവരുടെ സാന്നിധ്യത്തിൽ നിങ്ങൾ ശാന്തി നുകരാൻ- നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിത്തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു (*അർറൂം* 21).

2. നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽനിന്ന് തന്നെ ഇണകളെ ഉണ്ടാക്കിത്തന്നവൻ അല്ലാഹുതന്നെയാകുന്നു (*അന്നഹ്ൽ* 72).

3. ആകാശഭൂമികളുടെ സ്രഷ്ടാവ്; അവൻ നിങ്ങൾക്ക് നിങ്ങളിൽനിന്ന് തന്നെ ഇണകളെ സൃഷ്ടിച്ചു. അതേപ്രകാരം കാലികളിലും അവൻ ഇണകളെ സൃഷ്ടിച്ചു (*അശ്ശൂറാ* 11).

4. നാം സകല വസ്തുക്കളുടെയും ജോഡികളെ സൃഷ്ടിച്ചു (*അദ്ദാരിയാത്ത്* 49).

ഇണയിൽ ഒന്ന് മറ്റേതിൽനിന്ന് ഉണ്ടായതാണെന്നോ അതിന്റെ ഒരു ഭാഗം കൊണ്ട് ഉണ്ടാക്കിയതാണെന്നോ (ആദമിന്റെ ഭാര്യയെ സൃഷ്ടിച്ചത് അവന്റെ വാരിയെല്ലിൽനിന്നാണ് പോലുള്ള പരാമർശങ്ങൾ) വാദിക്കാൻ ഒരു തെളിവും ഈ സൂക്തത്തിൽ ഇല്ല. (5)

എന്നാൽ സ്ത്രീ സൃഷ്ടിപ്പിനെക്കുറിച്ച് നബിവചനങ്ങളിൽ വന്ന ചില പരാമർശങ്ങളാണ് മിക്ക ഖുർആൻ വ്യാഖ്യാതാക്കളെയും ഇസ്രയേലീ കഥകളുടെ കെണിയിൽ ചാടിച്ചത്. മനുഷ്യകുലത്തിന്റെ ഉത്ഭവം എന്ന് വിശദീകരിക്കപ്പെട്ട ആദ്യ ആത്മാവ് ആദമാണെന്നും അവന്റെ വാരിയെല്ലിൽനിന്നാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടതെന്നും അവർ വിശദീകരിച്ചു. ഹദീസ് പരാമർശങ്ങൾക്ക് തോറയിലെ വിവരണവുമായുള്ള സാദൃശ്യമായിരിക്കാം അവരെ ഈ നിഗമനത്തിൽ എത്തിച്ചത്. അബൂദർറ് (റ) റിപ്പോർട്ട് ചെയ്ത ഒരു ഹദീസ് ഇങ്ങനെയാണ്: "വാരിയെല്ലിൽ നിന്നത്രെ സ്ത്രീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നീയവളെ നേരെയാക്കാൻ തുനിഞ്ഞാൽ പൊട്ടിപ്പോകും" (അഹ്മദ്, നസാഈ).

മറ്റൊരു നബിവചനം, അബൂഹുറയ്റ(റ)യിൽനിന്ന്: "വാരിയെല്ലിൽനിന്നാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടത്. വളവ്

**വംശീയവും ലിംഗപരവും മറ്റുമായ സകലവിധ വിവേചനങ്ങളും കൈയൊഴിക്കാൻ സമയമായിരിക്കുന്നു. സമത്വ വിഭാവനയുടെയും സാഹോദര്യത്തിന്റെയും അടിസ്ഥാനത്തിലാവണം കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നത്. ആർക്കെങ്കിലും ശ്രേഷ്ഠത കൽപിക്കുന്നുണ്ടെങ്കിൽ അത് ദൈവഭക്തിയുടെ അടിസ്ഥാനത്തിൽ മാത്രം (*അൽഹുജറാത്ത്* 13). ഇതാണ് സുതാര്യവും ഋജുവുമായ ദർശനം.**

നിവർത്താനാവുകയില്ല. നീയവളുമായി സഹവസിക്കുന്നുവെങ്കിൽ ആ വളവ് ഉള്ളതോടൊപ്പമാവണം സഹവാസം. അത് നേരെയാക്കാൻ തുനിഞ്ഞാൽ പൊട്ടിപ്പോകും. പൊട്ടുക എന്നാൽ വിവാഹമോചനമാണ്" (മുസ്ലിം, തിർമിദി).

ഇതേ ആശയമുള്ള ഒരു നബിവചനം ഇബ്നു ഹിബ്ബാനും ഹാകിമും (*മുസ്തദ്റക്*) ഉദ്ധരിച്ചിട്ടുണ്ട്. (6)

ഈ ഹദീസുകളിലൊന്നും തന്നെ ജൂതവേദങ്ങളിൽ വന്ന 'ഹവ്വയെ സൃഷ്ടിച്ചത് ആദമിന്റെ വാരിയെല്ലിൽനിന്നാണ്' എന്ന പരാമർശത്തെ വിദൂരമായിപോലും പിന്തുണക്കുന്ന യാതൊന്നുമില്ല. സ്ത്രീകളുമായി എങ്ങനെ ഇടപെടണം എന്നതിനെക്കുറിച്ച് പുരുഷന്മാർക്കുള്ള ശിക്ഷണ നിർദേശങ്ങൾ മാത്രമാണിത്. പാരുഷ്യവും കടുപ്പവും പാടില്ലെന്ന് പുരുഷന്മാരെ ഉപദേശിക്കുകയാണ്. അബൂഹുറയ്റ (റ) ഉദ്ധരിച്ച, ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്ത ഇതേ ആശയമുള്ള മറ്റൊരു ഹദീസിന്റെ അവസാനം 'സ്ത്രീകളോട് നല്ല നിലക്ക് പെരുമാറുക' എന്നുമുണ്ട്. പാരുഷ്യമരുത് എന്നാണ് ഈ ഹദീസിന്റെ വിവക്ഷ എന്ന് *തഫ്സീർ അൽമനാറി*ലും കാണാം. (7)

ഈ സലഫീ ചിന്തയെ ശക്തമായി പിന്തുണക്കുന്നുണ്ട് ശഹീദ് സയ്യിദ് ഖുത്ബ്. "(*അന്നിസാഇ*ലെ) ഈ സൂക്തവും സമാന സൂക്തങ്ങളും ഇക്കാര്യത്തെക്കുറിച്ച് (വാരിയെല്ലിൽനിന്നുള്ള സൃഷ്ടിപ്പ്) യാതൊന്നും പറയുന്നില്ല. ആദമിന്റെ വാരിയെല്ലിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടത് എന്ന ആശയമുള്ള എല്ലാ റിപ്പോർട്ടുകളിലും ഇസ്രയേലീ പുരാവൃത്തങ്ങൾ കലർന്നിട്ടുണ്ട്. അത് നമുക്ക് അവലംബമാക്കാനാവില്ല. ഉറപ്പിച്ച് പറയാൻ പറ്റുന്ന കാര്യം ഇതു മാത്രമാണ്: അല്ലാഹു ആദമിന് തന്റെ അതേ ഇനത്തിൽനിന്ന് ഒരു ഇണയെ സൃഷ്ടിച്ചു. അങ്ങനെ രണ്ട് ഇണകളായി. സൃഷ്ടികൾ മുഴുവൻ തന്നെ ഇണകൾ ആണെന്നാണല്ലോ (*അദ്ദാരിയാത്ത്* 49) ഖുർആന്റെ പ്രഖ്യാപനംതന്നെ. ഇത് എല്ലാ സൃഷ്ടികൾക്കും ബാധകമായ ഒരു ദൈവിക നടപടിക്രമമാണ്. ഈ വീക്ഷണ കോണിലൂടെ നോക്കിയാൽ, ആദമിന്റെ സൃഷ്ടിപ്പ് കഴിഞ്ഞ് അധികം താമസിയാതെ തന്നെ ഹവ്വയെയും സൃഷ്ടിച്ചു എന്നാണ് മനസ്സിലാവുക. എങ്ങനെ ആദമിനെ സൃഷ്ടിച്ചുവോ അതേ രീതിയിൽ തന്നെയാവണം ഹവ്വയുടെ സൃഷ്ടിപ്പും നടന്നത്." (8)

മേൽകൊടുത്ത നബിവചനങ്ങളിലൊന്നും 'ആദമിന്റെ വാരിയെല്ല്' എന്ന് പ്രയോഗിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധിക്കുക. അതിനാൽ സ്ത്രീയുടെ പ്രകൃതവും മാനസികാവസ്ഥയും ചിത്രീകരിക്കുക മാത്രമാണ് ഉദ്ദേശ്യമെന്ന് വരുന്നു. 'സ്ത്രീകളോട് നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോട് ഉപദേശിക്കുന്നു' എന്ന പ്രവാചകന്റെ ഹജ്ജത്തുൽ വിദാഇലെ പ്രസംഗവുമായാണ് ഇതിന്റെ ആശയപ്പൊരുത്തം. സാമൂഹികവും ധാർമികവുമായ ഉപദേശനിർദേശങ്ങളാണ് ഈ നബിവചനങ്ങളുടെ അന്തസ്സത്ത. അതൊരിക്കലും ജീവശാസ്ത്ര വിജ്ഞാനീയവുമായി ബന്ധപ്പെട്ടതല്ല. (9)

ഹവ്വയെ ആദമിന്റെ വാരിയെല്ലിൽനിന്ന് സൃഷ്ടിക്കുക, ആദമിന്റെ അതേ സത്തയിൽനിന്ന് ഹവ്വയെ സൃഷ്ടിക്കുക- പറയുന്നത് രണ്ടു വിധമാണെങ്കിലും കാര്യം ഒന്നുതന്നെയല്ലേ എന്ന് ചിന്തിക്കുന്നവരുണ്ടാവും. എന്നാൽ വൈജ്ഞാനികവും ദാർശനികവുമായ തലത്തിൽ ഈ രണ്ടും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഒന്നാമത്തെ ആശയത്തെയാണ് നാം പിന്തുണക്കുന്നതെങ്കിൽ, സ്ത്രീ പുരുഷന്റെ ആജ്ഞാനുവർത്തി ആകേണ്ടവളാണ് എന്നൊരു സാമൂഹിക ധാരണയാണ് നാം അറിഞ്ഞോ അറിയാതെയോ സൃഷ്ടിച്ചു വിടുന്നത്. സ്ത്രീ അവളുടെ വ്യക്തിത്വം പുരുഷ വ്യക്തിത്വത്തിൽ അലിയിച്ച് ചേർക്കേണ്ടവളാണെന്നും വരുന്നു. ലിംഗ വിവേചനമാണ് ഇവിടെ മറനീക്കി

പുറത്തുവരുന്നത്. ഇത് ശരീഅത്തിന്റെ ലക്ഷ്യങ്ങളോട് ഒരിക്കലും പൊരുത്തപ്പെടുകയില്ല. എന്നാൽ രണ്ടാമത്തെ വ്യാഖ്യാനം (അതിനാണ് പ്രമാണപരമായും ഭാഷാപരമായും പിൻബലമുള്ളത്), ഇസ്‌ലാമിന്റെ ഉയർന്ന മാനവിക കാഴ്ചപ്പാടിന്റെ പ്രകാശനമത്രെ. ഈയൊരു ലക്ഷ്യത്തിനു വേണ്ടി തന്നെയായിരുന്നില്ലേ സ്ത്രീപ്രസ്ഥാനങ്ങളൊക്കെയും ഇത്രയും കാലം പോരടിച്ചത്? സ്വതന്ത്രമായ സ്ത്രീവ്യക്തിത്വത്തിനും സ്വന്തം ഭാഗധേയം നിശ്ചയിക്കാനുള്ള അവകാശത്തിനും വേണ്ടിയായിരുന്നു ആ പോരാട്ടങ്ങൾ.

വംശീയവും ലിംഗപരവും മറ്റുമായ സകലവിധ വിവേചനങ്ങളും കൈയൊഴിക്കാൻ സമയമായിരിക്കുന്നു. സമത്വ വിഭാവനയുടെയും സാഹോദര്യത്തിന്റെയും അടിസ്ഥാനത്തിലാവണം കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നത്. ആർക്കെങ്കിലും ശ്രേഷ്ഠത കൽപിക്കുന്നുണ്ടെങ്കിൽ അത് ദൈവഭക്തിയുടെ അടിസ്ഥാനത്തിൽ മാത്രം (*അൽഹുജറാത്ത്* 13). ഇതാണ് സുതാര്യവും ഋജുവുമായ ദർശനം. നൂറ്റാണ്ടുകളായി പീഡിത ജനതക്ക് പോരാടാനുള്ള ഇന്ധനമായിത്തീർന്നതും ഈ ദർശനംതന്നെ.

(ഗനൂഷിയുടെ *അൽ മർഅതു ബൈനൽ ഖുർആനിൽ കരീം വ വാഖിഇൽ മുസ്‌ലിമീൻ* എന്ന കൃതിയിൽനിന്ന്)

(തുടരും)

**കുറിപ്പുകൾ**

1. *മഖാസിദുശ്ശരീഅത്തിൽ ഇസ്‌ലാമിയ്യ*, മുഹമ്മദ് ത്വാഹിർബ്നു ആശൂർ, ദാറുൽ ഹജ്ർ (1999)

2. ഇബ്നു കസീർ തന്റെ തഫ്സീറിൽ ഉദ്ധരിച്ചത്

3. *തഫ്സീറുൽ മനാർ*, മുഹമ്മദ് റശീദ് രിദാ, 4/330

4. Ibid പേജ് 324, 326

5. *അൽ മീസാനു ഫീ തഫ്സീറിൽ ഖുർആൻ*, വാ. 4, മൻശൂറാത്ത് മുഅസ്സസത്തിൽ അഅ്‌ലമി, ബൈറൂത്ത്

6. ഈ മൂന്ന് നബിവചനങ്ങളും സ്വഹീഹ് ആണെന്ന് നാസ്വിറുദ്ദീൻ അൽബാനി സാക്ഷ്യപ്പെടുത്തുന്നു.

7. *അൽമനാർ*, 331,332

8. സയ്യിദ് ഖുത്വ്ബ്, *ഫീ ളിലാലിൽ ഖുർആൻ*, വാല്യം 3, ദാറുശ്ശുറൂഖ്

9. ഇറാനിയൻ ചിന്തകൻ അലി ശരീഅത്തിയുടെ ഒരു നിരീക്ഷണം ഇവിടെ ഓർക്കാം. മനുഷ്യകുലം ഒരേ പദാർഥത്തിൽനിന്ന് ഉരുവംകൊണ്ടതാണെന്ന് അദ്ദേഹം സമർഥിക്കുന്നു. അങ്ങനെയല്ല എന്ന് വാദിക്കുന്നത് ജർമൻ തത്ത്വചിന്തകനായ നീഷെയുടെ വാദമുഖങ്ങളെ പിന്തുണക്കലാണ്. ആണും പെണ്ണും വ്യത്യസ്ത പദാർഥങ്ങളിൽനിന്നുണ്ടായതാണെന്ന വാദം, പുരുഷ മഹത്വം ഉയർത്തിക്കാട്ടുകയും സ്ത്രീയെ ഇടിച്ചു താഴ്ത്തുകയുമാണ് ചെയ്യുന്നത്. ഇത് നീഷെയുടെ വംശമഹത്വ സിദ്ധാന്തത്തെ നീതീകരിക്കലാണ്. ഇതിന് വിരുദ്ധമായി, ഒരേ ഉണ്മയിൽനിന്ന് സ്ത്രീപുരുഷന്മാരുണ്ടായി എന്നാണ് ഖുർആൻ ഉയർത്തിപ്പിടിക്കുന്ന സിദ്ധാന്തം.